സാഹചര്യത്തിൽ നെയ്യാറ്റിൻകര താലൂക്കാശുപത്രിയെ ഒരു ജില്ലാ ആശുപത്രിയുടെ സ്റ്റാറ്റസ് നൽകി ഉയർത്താനുള്ള അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കണം. ഞാൻ ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് എഴുതി കൊടുത്തിട്ടുള്ളതാണ്. ഈ കാര്യത്തിൽ സജീവ പരിഗണന ഉണ്ടാകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

ആരോഗ്യ വകുപ്പുമന്ത്രി (*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ*) : സർ, ബഹുമാനപ്പെട്ട എം. എൽ. എ. യുടെ ആവശ്യപ്രകാരം ഇതുസംബന്ധിച്ച് ഒരു കോൺഫറൻസ് വിളിച്ചു ചേർക്കുകയുണ്ടായി. ഈ ആശുപത്രിയുടെ ബെഡ് സ്ട്രെങ്ത് 510 ആയി ഉയർത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ ആശുപത്രിയിൽ അടിയന്തിരമായി സൃഷ്ടിക്കേണ്ടുന്ന അധിക തസ്തികകൾ കണ്ടെത്തി അവ അനുവദിച്ചുകിട്ടുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ഗവൺമെന്റിലേക്ക് സമർപ്പിക്കാൻ ആ കോൺഫറൻസിൽ തീരുമാനിച്ചിട്ടുണ്ട്. ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ പ്രവർത്തനക്ഷമമാക്കാനുള്ള ഉപകരണങ്ങൾ നൽകാനുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കൊടുത്തിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകാൻ കഴിയാത്തവ എച്ച്.ഡി.സി. ഫണ്ട് ഉപയോഗിച്ച് ചെയ്യാനും അനുമതി കൊടുത്തിട്ടുണ്ട്. പിന്നെ ആശുപത്രിയിൽ ഹൗസ് സർജൻമാരുടെ സേവനം ലഭ്യമാക്കാൻ കഴിയുമോയെന്നുള്ളത്; അത് പെട്ടെന്നു നടക്കുന്ന കാര്യമല്ല. ഹൗസ് സർജൻമാരുടെ സേവനം ഇപ്പോൾ ലഭിക്കുന്നില്ല. ഈ ആശുപത്രിക്ക് പുതിയ പേവാർഡ് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മുഖേന നിർമ്മിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ ആശുപത്രിയാക്കുക എന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(8) കേരള സ്പിന്നേഴ്സ് അടച്ചുപൂട്ടിയതിനെത്തുടർന്ന് ഉളവായിട്ടുള്ള പ്രതിസന്ധി

ഡോ. തോമസ് ഐസക്: സർ, ആറന്മുളയിലെ കേരള സ്പിന്നേഴ്സ് 700 ഓളം തൊഴിലാളികൾ പണിയെടുത്തിരുന്ന ഒരു സ്ഥാപനമായിരുന്നു. ഇപ്പോൾ 30 മാസമായിട്ട് അടച്ചുപൂട്ടിയിട്ടിരിക്കുകയാണ്. തൊഴിലുടമകളുടെ വീക്ഷ്യം വളരെ ക്ലിയറാണ്. ഒരു അവകാശവും നൽകാതെ മുഴുവൻ തൊഴിലാളികളെയും മനോവീര്യം കെടുത്തി പിരിച്ചുവിടുകയെന്നുള്ളതാണ്. പലവട്ടം ചർച്ചകൾ നടന്നിട്ടുള്ളതാണ്. എന്റെ സബ്മിഷൻ തൊഴിലാളികൾക്ക് നിയമാനുസൃതമായിട്ടുള്ള ആനുകൂല്യങ്ങൾ നൽകി അവരെ പിരിച്ചുവിടുക, അതിനുള്ള നിയമപരമായ നടപടികൾ സർക്കാർ സ്വീകരിക്കുക എന്നുള്ളതാണ് അല്ലെങ്കിൽ ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാൻ നടപടിയെടുക്കുക. ഏതെങ്കിലും ഒന്നു ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*) : സർ, കേരള സ്പിന്നേഴ്സ് തുറന്നു പ്രവർത്തിപ്പിക്കാനായി വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21-3-2005-ലും

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20-7-2005-ലും രണ്ട് ചർച്ചകൾ നടത്തിയിരുന്നു. കമ്പനി തുറന്നു പ്രവർത്തിക്കാൻ ആവശ്യമായ ധനസഹായം കെ.എസ്.ഐ.ഡി.സി. വായ്പയായി നൽകണമെന്നുള്ളതായിരുന്നു ആവശ്യം. എന്നാൽ കമ്പനിയുടെ മെഷിനറികൾ വളരെ പഴയത് ആയതുകൊണ്ട് അടുത്ത 15 വർഷത്തേക്കെങ്കിലും സുഗമമായി പ്രവർത്തിക്കുമെന്ന് ഉറപ്പാക്കുന്നതിനായി ഒരു ടെക്സ്റ്റൈൽ വിദഗ്ധന്റെ സർട്ടിഫിക്കറ്റ് ആവശ്യമുണ്ട്. മാത്രമല്ല കമ്പനി പുനരുദ്ധരിക്കാനുള്ള തുകയുടെ പകുതിയെങ്കിലും മാനേജുമെന്റ് കണ്ടെത്തേണ്ടതുമുണ്ട്. ഈ രണ്ട് ഉറപ്പുകൾ മാനേജുമെന്റിൽ നിന്നു കിട്ടിയശേഷം മാത്രമേ കമ്പനിയുടെ തുടർന്നുള്ള പ്രവർത്തനം വാഭകരമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. വായ്പ വീഴ്ച കൂടാതെ തിരിച്ചടയ്ക്കാൻ കമ്പനിക്ക് കഴിയുമെന്ന് കെ.എസ്.ഐ.ഡി.സി.-യുടെ പഠനത്തിൽ തെളിയുകയും ചെയ്താൽ ഉടനെ കമ്പനിയുടെ പുനരുദ്ധാരണ വായ്പ നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

(9) കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിനുള്ള പദ്ധതികൾ

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക ജില്ലയായ കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും അതുപോലെതന്നെ ഈ സഭയുടേയും ശ്രദ്ധയിൽ ഞാൻ കൊടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടേയും ജനപ്രതിനിധികളുടേയും ഒരു യോഗം വിളിച്ചു ചേർത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും പിന്നെ ജനപ്രതിനിധികളുടെ അസൗകര്യം കാരണം ആ യോഗം മാറ്റിവയ്ക്കേണ്ടിവന്നു. അടിയന്തിരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥൻമാരുടേയും ഒരു യോഗം വിളിച്ചു ചേർത്ത് കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ മാറ്റി എടുക്കുന്നതിനാവശ്യമായ അടിയന്തിരനടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഉദാരമായ കരുണ ആ ജില്ലയോട് കാണിക്കണമെന്നും ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): സർ, ഇത് സംബന്ധിച്ച് വളരെ വിശദമായ ഒരു കാളിംഗ് അറ്റൻഷൻ തന്നെ ബഹുമാനപ്പെട്ട അംഗം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പല നടപടികളും സ്വീകരിച്ചു. രണ്ടു മൂന്നുയോഗങ്ങൾ കൂടി. ഈ സമ്മേളനം കഴിഞ്ഞാൽ ഉടൻതന്നെ നിയമസഭാംഗങ്ങളുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ഒരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർത്ത് ഇതിന് അന്തിമരൂപം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly